**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7463** **17-07-2012 - ലെ മറുപടിയ്ക്ക്**

**കൊപ്ര സംഭരണ ശാലകളിൽ ഗുണമേൻമ പരിശോധിക്കുന്നതിന് സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>,, സണ്ണി ജോസഫ്<br>,, പി.എ.മാധവൻ<br>,, ബെന്നി ബെഹനാൻ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കൊപ്ര സംഭരണ ശാലകളിൽ ഗുണമേൻമ പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ട് ; | (എ) മാർക്കറ്റ്ഫെഡിന്റെ കൊപ്ര സംഭരണ ശാലകളിൽ ഗുണമേൻമ പരിശോധിക്കുന്നതിനായി Moisture മീറ്റർ ഉപയോഗിക്കുന്നുണ്ട്. നിഷ്കർഷിച്ചിട്ടുള്ള എഫ്.എ.ക്യൂ ഗുണമേന്മ, മാർക്കറ്റ്ഫെഡ് ഉദ്യോഗസ്ഥർ പരിശോധിക്കുന്നുണ്ട്. കർഷകരിൽ നിന്നും വാങ്ങുന്ന കൊപ്ര വീണ്ടും തിരിഞ്ഞ് ഗുണമേന്മയില്ലാത്തവ മാറ്റി ഉണക്കിയതിനുശേഷം Moisture പരിശോധിച്ചതിനു ശേഷമാണ് ഡിപ്പോസിറ്റ് ചെയ്യാനായി സംഭരണ ശാലയിൽ ചാക്കിൽ നിറയ്ക്കുന്നത്.<br>താങ്ങുവിലയനുസരിച്ച് കേരഫെഡ് മുഖേന സംഭരിക്കുന്ന കൊപ്ര, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെയും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷന്റെയും ഗോഡൗണുകളിൽ നാഫെഡിന്റെ നിർദ്ദേശാനുസരണം സംഘങ്ങൾ എത്തിക്കുന്നുണ്ട്. നാഫെഡ് നിയമിച്ചിട്ടുള്ള സർവ്വെയർമാരുടെയും ഗോഡൗൺ ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിൽ കൊപ്രയുടെ ഗുണനിലവാര പരിശോധന ഗോഡൗണുകളിൽ നടത്തുന്നുണ്ട്. |
| (ബി) ഗുണ മേൻമ വർദ്ധിപ്പിക്കുന്നതിന് സ്പോട്ട് വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | (ബി) & (സി) മാർക്കറ്റ്ഫെഡ് ഉദ്യോഗസ്ഥർ സ്പോട്ട് വെരിഫിക്കേഷൻ നടത്തുന്നുണ്ട്. ഇക്കാര്യം നാഫെഡിന്റെ പരിഗണനയിലില്ല. |
| (സി) ഏതെല്ലാം ഏജൻസികളെ ആണ് ഈ സംവിധാനത്തിൽ പങ്കാളികളാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | |

സെക്ഷൻ ഓഫീസർ